3/2/23

Scanned



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഫയൽ നമ്പർ: 16456/SIC-G4/2022 തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

AP 2003(1)/2022/SIC

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 ജനുവരി 31

ശ്രീ. ജി. ശ്രീനിവാസൻ,
റ്റി.സി.9/1387, ലക്ഷ്മി,
ടെമ്പിൾ റോഡ്, ശാസ്തമംഗലം പി.ഒ.,
തിരുവനന്തപുരം – 695010.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
കോർപ്പറേറ്റ് ഓഫീസ് (വിജിലൻസ്),
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ,
കോർപ്പറേറ്റ് ഓഫീസ് (വിജിലൻസ്),
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/07/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/08/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/08/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17/08/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/12/2022 |

## ഉത്തരവ്

ശ്രീ. ജി.ശ്രീനിവാസൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകിയില്ല എന്നാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 22.6.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഹർജിക്കാരനെതിരെ വകുപ്പുതല

അന്വേഷണത്തിന് ഉത്തരവിട്ട രേഖകൾ ഉൾപ്പെടെ മുഴുവൻ നോട്ട് ഫയലിന്റെ പകർപ്പാണ്. ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്തുത ഫയലിൽ നടപടിക്രമങ്ങൾ തുടർന്ന് വരുന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകുവാൻ നിർവ്വാഹമില്ലെന്നാണ്. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 20.7.2022 തീയതി ഒന്നാം അപ്പീൽ അധികാരിയായ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അപ്പീൽ അധികാരി അറിയിച്ചത് ടി ഫയലിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ലെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.12.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ.ജി. ശ്രീനിവാസൻ 22.6.2022 തീയതി വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ അദ്ദേഹത്തിനെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ടതിന്റെ മുഴുവൻ നോട്ട് ഫയലിന്റെയും പകർപ്പ് ആവശ്യപ്പെടുകയുണ്ടായി എന്നും എന്നാൽ പ്രസ്തുത ഫയലിൽ നടപടിക്രമങ്ങൾ തുടർന്നു വരുന്നതിനാൽ ടി രേഖകൾ നൽകാൻ നിർവ്വാഹമില്ലാ എന്ന് എസ്.പി.ഐ.ഒ. അറിയിച്ചതിനാൽ 20.7.2022-ന് അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ സാധിക്കുകയില്ല എന്ന് 4.8.2022 തീയതി അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ബഹു. ഹൈക്കോടതി മുമ്പാകെ **WP(C)No.11661/2022** ഫയൽ ചെയ്തിട്ടുള്ളതും അതിന്മേൽ നടപടിക്രമങ്ങൾ തുടർന്ന് വരുന്നതായും വകുപ്പുതല അന്വേഷണത്തിന് സ്റ്റേ നൽകിയിട്ടുള്ളതാണെന്നും കോടതിയുടെ പരിഗണനയിരിക്കുന്ന ഒരു കേസിനെ സംബന്ധിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തിയാൽ ആയത് എതിർകക്ഷിയുടെ കേസിനെ ദോഷകരമായി ബാധിക്കുന്നതിനാൽ അങ്ങനെയുള്ള വിവരം വിവരാവകാശ നിയമം 8(1)(ജെ) വകുപ്പുപ്രകാരം വെളിവാക്കുന്നതിൽ നിന്നും വിലക്കാവുന്നതാണെന്ന നിഗമനത്തിലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ സാധിക്കാത്തതെന്നുമാണ് അപ്പീൽ അധികാരി റിപ്പോർട്ട് ചെയ്തത്.

4. ഹർജിക്കാരന്റെ പരാതിയും രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാനെതിരെയുള്ള അച്ചടക്കനടപടിയുടെ ബന്ധപ്പെട്ട ഫയലിന്റെ പകർപ്പാണെന്ന് കാണുന്നു. ഫയലിൽ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ രേഖകൾ നൽകാൻ നിർവ്വാഹമില്ല എന്ന എസ്.പി.ഐ.ഒ., അപ്പീൽ അധികാരി എന്നിവരുടെ തീരുമാനം ന്യായീകരിക്കത്തക്കതല്ല. രണ്ടാം എതിർകക്ഷി കമ്മീഷനു മുമ്പാകെ

സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പമുള്ള നോട്ട് ഫയലിന്റെ പകർപ്പ് പരിശോധിച്ചപ്പോൾ ടി നോട്ട് ഫയലിന്റെ പകർപ്പ് പരാതിക്കാരന് നൽകിയാൽ അന്വേഷണത്തെ യാതൊരുവിധത്തിലും ബാധിക്കില്ലായെന്ന കാര്യം കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹർജിക്കാരനെതിരെയുള്ള അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട ടിയാൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് സൗജന്യമായി 15.2.2023-നകം നൽകുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

യു.എസ്.